പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.670.          13.06. 2012-ൽ മറുപടിയ്ക്ക്

## നിർധനരായ രോഗികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.കെ.ലതിക | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | നിർധനരായ രോഗികൾ, 18 വയസ്സിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മാരകരോഗ ബാധിതർ മുതലായ വർക്ക് ആരോഗ്യ വകുപ്പു മുഖാന്തിരം നൽകിവരുന്ന ചികിത്സാധനസഹായ ങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാ ക്കുമോ; | (എ) | ക്യാൻസർ സുരക്ഷാ പദ്ധതി, ആർ.എസ്സ്.ബി.വൈ, താലോലം, ട്രൈബൽ ഹെൽത്ത്കെയർ പ്രോഗ്രാം, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് റ്റു ദ പൂവർ, പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രി യുടെയും ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം, ആരോഗ്യ വകുപ്പു മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായം എന്നിവയാണ് ആരോഗ്യ വകുപ്പു മുഖാന്തിരം നൽകി വരുന്ന ചികിത്സാധന സഹായങ്ങൾ |
| (ബി) | ഓരോ സഹായവും ലഭിക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) | ഓരോ സ്കീമിനുമുള്ള അതാത് അപേക്ഷാ ഫാറത്തിൽ വേണം അപേക്ഷ സമർപ്പിക്കേണ്ടത്. പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ചികിത്സാ സഹായ ത്തിന് അതാത് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. മാരക രോഗങ്ങൾ ക്കുള്ള ധനസഹായം ലഭിക്കുന്നതിന്, നിർദ്ദിഷ്ട അപേക്ഷാഫാറത്തിൽ,ഡോക്ട റുടെ സാക്ഷ്യ പത്രം, വില്ലേജ് ആഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് എന്നിവ യടക്കം അപേക്ഷ സമർപ്പിയ്ക്കേണ്ടതും മറ്റു അസുഖങ്ങൾക്ക് വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ അപേക്ഷ, ഡോക്ട റുടെ സാക്ഷ്യപത്രം, വില്ലേജ് ആഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റ് എന്നിവയടക്കം സമർപ്പിക്കേണ്ടതുമാണ്. |

B.V.Kumar

സെക്ഷൻ ഓഫീസർ